# 675

*84-ാം സങ്കീർത്തനം*

**യാഹേ! നിൻ തിരുവാസമതീവ മനോഹരം**

1 **വാഞ്ഛിച്ചു മോഹിച്ചു പോകുന്നെൻ ഉള്ളം യാഹിൻ പ്രാകാരങ്ങളെ**
**എന്നാത്മദേഹവും ജീവനാം ദൈവത്തെ ഘോഷിച്ചിടുന്നെന്നും-**

2 **കുരികിലും മീവലും കുഞ്ഞുങ്ങൾക്കായ് വീടും കൂടും കണ്ടെത്തിയല്ലോ**
**എന്റെ രാജാവുമെൻ ദൈവവുമാം യാഹേ നിൻബലി പീഠങ്ങളെ-**

3 **നിന്നാലയെ വസിക്കുന്നവർ നിത്യം ഭാഗ്യം നിറഞ്ഞവരാം**
**അവർ നിന്നെ നിത്യം സ്തുതിച്ചുകൊണ്ടിരിക്കും**
**സ്തുതികളിൽ വസിക്കുന്നോനേ-**

4 **ബലം നിന്നിലുള്ളോർ മനുജൻ ഭാഗ്യവാൻ ഈ വിധമുള്ളോരിൽ**
**മനമതിൽ സീയോൻപുരിയിലേക്കുള്ള പെരുവഴികളുണ്ട്-**

5 **കണ്ണുനീർ താഴ്‌വരയിൽകൂടി പോകുമ്പോൾ മുറ്റും ജലാശയമായി**
**തീർക്കുന്നവരതു തീരുന്നനുഗ്രഹ പൂർണ്ണമായ് മുൻമഴയാൽ-**

6 **മേൽക്കുമേൽ ആയവർ ബലം കൊള്ളുന്നു സ്വർഗ്ഗീയശക്തിയതാൽ**
**ചെന്നെത്തുന്നായവർ സീയോനിൽ ദൈവസന്നിധിയിൽ മോദാൽ-**
**K.V.I.**